©
കേരള സർക്കാർ
Government of Kerala
2016

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസററ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 5<br>Vol. V | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2016 ഡിസംബർ 22<br>22nd December 2016<br>1192 ധനു 7<br>7th Dhanu 1192<br>1938 പൌഷം 1<br>1st Pousha 1938 | നമ്പർ<br>No. 2237 |

## കേരള സർക്കാർ

തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (അച്ചടി) നമ്പർ 194/2016/തൊഴിൽ. തിരുവനന്തപുരം, *2016 ഡിസംബർ 19 / 1192 ധനു 4.*

**എസ്. ആർ. ഒ. നമ്പർ 777/2016.**—1978-ലെ കേരള ചുമട്ടുതൊഴിലാളി ആക്ട് (1980-ലെ 20) 13-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് കേരള സർക്കാർ, 1999 മേയ് 4-ാം തീയതിയിലെ സർക്കാർ ഉത്തരവ് (പി) 56/99/തൊഴിൽ നമ്പർ വിജ്ഞാപന പ്രകാരം പുറപ്പെടുവിച്ചതും 1999 മേയ് 4-ാം തീയതിയിലെ 889-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ നമ്പർ 386/99 ആയി പ്രസിദ്ധപ്പെടുത്തിയതുമായ 1999-ലെ കേരള ചുമട്ടുതൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമപദ്ധതി വീണ്ടും ഭേദഗതി ചെയ്യുന്നതിനുവേണ്ടി,

Scanned by CamScanner

പ്രസ്തുത വകുപ്പുപ്രകാരം 2016 മാർച്ച് 3-ാം തീയതിയിലെ 20014/എച്ച്3/2014/ തൊഴിൽ നമ്പർ വിജ്ഞാപനപ്രകാരം 2016 മാർച്ച് 8-ാം തീയതിയിലെ 615-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ കരട് പദ്ധതിയിൻമേൽ നിശ്ചിത സമയപരിധിക്കുള്ളിൽ യാതൊരു ആക്ഷേപമോ നിർദ്ദേശമോ ലഭിച്ചിട്ടില്ലാത്തതും അതിനാൽ താഴെ പറയും പ്രകാരം പദ്ധതി ഉണ്ടാക്കുന്നു, അതായത്:—

## പദ്ധതി

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ പദ്ധതിക്ക് 2016-ലെ കേരള ചുമട്ടുതൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമ (ഭേദഗതി) പദ്ധതി എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. പദ്ധതിയുടെ ഭേദഗതി.—1999-ലെ കേരള ചുമട്ടുതൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമപദ്ധതിയിലെ 4-ാം അദ്ധ്യായത്തിൽ 14-ാം ഖണ്ഡികയിൽ (8)-ാം ഉപഖണ്ഡികയ്ക്കുശേഷം താഴെപ്പറയുന്ന ഉപഖണ്ഡികകൾ ചേർക്കേണ്ടതാണ്, അതായത്:—

"(9) കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡിലെ സ്കാറ്റേർഡ് വിഭാഗം തൊഴിലാളികളിൽ അംഗത്വം റദ്ദായ തൊഴിലാളികളുടെ അംശദായ തുക ബോർഡ് തീരുമാനങ്ങൾക്കുവിധേയമായി സ്കാറ്റേർഡ് പൊതുഫണ്ടി ലേക്ക് ലയിപ്പിക്കുന്നതാണ്.

(10) കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡിലെ സ്കാറ്റേർഡ് വിഭാഗം തൊഴിലാളികൾ സ്കാറ്റേർഡ് പദ്ധതിയിൽ നിന്നും 1983-ലെ കേരള ചുമട്ടുതൊഴിലാളി (തൊഴിൽ ക്രമീകരണവും ക്ഷേമവും) പദ്ധതിയിലേക്ക് രജിസ്റ്റർ ചെയ്യുമ്പോൾ തൊഴിലാളികൾ അടവാക്കിയ അംശദായ തുകയ്ക്ക് തുല്യമായ തുക 1983-ലെ കേരള ചുമട്ടുതൊഴിലാളി (തൊഴിൽ ക്രമീകരണവും ക്ഷേമവും) പദ്ധതിയിലെ ടെർമിനൽ ബെനിഫിഷ്യറി ഫണ്ടിലേക്ക് വരവ് വയ്ക്കേണ്ടതും പദ്ധതിയുടെ വ്യവസ്ഥകൾ പ്രകാരം ടെർമിനൽ ബെനിഫിഷ്യറി ഫണ്ട് നൽകുന്നതിനോടൊപ്പം വിതരണം ചെയ്യേണ്ടതുമാണ്.".

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ടോം ജോസ്,

*ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി.*

Scanned by CamScanner

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ ഐ
ഉദ്ദേശ്യം വെളിപ്പെടുത്തുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡിലെ സ്കാറ്റേർഡ് വി
അംഗത്വം റദ്ദായ തൊഴിലാളികളുടെ അംശദായതുക സ്കാ
പൊതുഫണ്ടിലേക്ക് ലയിപ്പിക്കുന്നതിനും സ്കാറ്റേർഡ് പദ്ധതിയിൽ
1983-ലെ കേരള ചുമട്ടുതൊഴിലാളി (തൊഴിൽ ക്രമീകരണവും ക്ഷേ
പദ്ധതിയിലേക്ക് രജിസ്റ്റർ ചെയ്യുമ്പോൾ തൊഴിലാളികൾ അടവാ
അംശദായ തുകയ്ക്ക് തുല്യമായ തുക 1983-ലെ കേരള ചുമട്ടുതൊ
(തൊഴിൽ ക്രമീകരണവും ക്ഷേമവും) പദ്ധതിയിലെ ടെർ
ബെനിഫിഷ്യറി ഫണ്ടിലേക്ക് ചേർക്കുന്നതിനും 1999-ലെ
ചുമട്ടുതൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമപദ്ധതിയിൽ ആവ
ഭേദഗതി വരുത്താൻ സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ഭേദഗതി സംബന്ധിച്ച് 1978-ലെ കേരള ചുമട്ടുതൊ
ആക്ട് (1980-ലെ 20) 13-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാ
മാർച്ച് 3-ാം തീയതിയിലെ 20014/എച്ച്3/2014/തൊഴിൽ നമ്പർ വിജ്ഞാ
2016 മാർച്ച് 8-ാം തീയതിയിലെ 615-ാം നമ്പർ കേരള അസാധാരണ
പ്രസിദ്ധപ്പെടുത്തിയിരുന്ന കരട് പദ്ധതിയിൻമേൽ നിശ്ചിത സമയ
ക്കുള്ളിൽ യാതൊരു ആക്ഷേപമോ നിർദ്ദേശമോ ലഭിച്ചിട്ടില്ലാത്തതിനാ
പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം പ്രസ്തുത പദ്ധതി ഭേദഗതി ചെ
സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടു
ഈ വിജ്ഞാപനം.

Scanned by CamScanner